5. സർക്കാർ ഹോമിയോ ഡിസ്പെൻസറി, മൂടാടി

6. താത്കാലിക ഹോമിയോ ഡിസ്പെൻസറി, ചേമഞ്ചേരി

7. താത്കാലിക ഹോമിയോ ഡിസ്പെൻസറി, ചെങ്ങോട്ടുകാവ്

8. താത്കാലിക ഹോമിയോ ഡിസ്പെൻസറി, തിക്കോടി

സർക്കാർ മേഖലയിൽ പുതിയതായി അനുവദിച്ച മെഡിക്കൽ കോളേജുകൾ

77 (3508) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഏതൊക്കെ സ്ഥലങ്ങളിൽ പുതിയതായി മെഡിക്കൽ കോളേജുകൾ അനുവദിച്ചുവെന്നും പ്രസ്തുത കോളേജുകളിൽ എത്ര എം.ബി.ബി.എസ്. സീറ്റുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജുകളിൽ നടപ്പാക്കിയിരിക്കുന്ന സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ ?

ഉത്തരം

(എ) പുതുതായി അനുവദിച്ച മെഡിക്കൽ കോളേജുകൾ

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി-100 എം.ബി.ബി.എസ്. സീറ്റുകൾ
2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഇടുക്കി - 50 എം.ബി.ബി.എസ്. സീറ്റുകൾ
3. എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. അവിടെ 100 എം.ബി.ബി.എസ്. സീറ്റുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly